**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 500** **10-02-2025-ൽ മറുപടിയ്ക്ക്**

**<u>അഭിഭാഷക ക്ഷേമനിധി തുക ഉയർത്തൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക
ശ്രീമതി ഒ. എസ്. അംബിക

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** അഭിഭാഷക ക്ഷേമനിധി തുക 10 ലക്ഷത്തിൽ നിന്നും 20 ലക്ഷം രൂപയാക്കി ഉയർത്തണം എന്ന കേരള ബാർ കൗൺസിലിന്റെ നിർദ്ദേശം ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** 1980-ലെ കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ആക്ടിന്റെ വിവിധ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ നിയമ വകുപ്പ് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 2016-ലെ ഭേദഗതി ആക്ട് (ACT 21 of 2016) സെക്ഷൻ 16(2) പ്രകാരം അഭിഭാഷക ക്ഷേമനിധിയിലെ അംഗമായ അഭിഭാഷകൻ മരണപ്പെടുന്നപക്ഷം നിയമപ്രകാരമുള്ള ടിയാന്റെ അവകാശിക്ക് 10 ലക്ഷം രൂപ സഹായ ധനം ലഭിക്കും. ടി തുക 20 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുള്ള ഭേദഗതിയും പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**